# ഉന്നതവിദ്യാഭ്യാസമേഖലയിലെ പ്രവർത്തനസമയമാറ്റം പുനഃപരിശോധിക്കേണ്ടതാണ്

ഉന്നതവിദ്യാഭ്യാസവകുപ്പ് കേരളത്തിലെ കോളേജുകളുടെയും മറ്റ് ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പ്രവർത്തനസമയം, അധ്യാപനസമയം, പ്രവർത്തനരീതികൾ എന്നിവയെ സംബന്ധിച്ച്, 'കോവിഡ് - 19 നിർവ്യാപന / പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്' എന്ന പേരിൽ 09-06-2020-ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ആശയക്കുഴപ്പവും, അനിശ്ചിതത്വവും ഉണ്ടാക്കുന്നതാണ്. ഇത് ഉന്നതവിദ്യാഭ്യാസമേഖലയെ പൂർണ്ണമായി തകർച്ചയിലേക്ക് നയിക്കുക തന്നെ ചെയ്യും.

കോവിഡ് - 19 നിർവ്യാപനവും പ്രതിരോധപ്രവർത്തനങ്ങളും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനസമയമാറ്റവും തമ്മിലുള്ള ബന്ധവും അജ്ഞാതമായി നിലനിൽക്കുന്നു.

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തെ കോളേജുകൾക്ക് പ്രാദേശികമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് 9.00-3.00, 9.30- 3.30, 10.00-4.00 വരെ അദ്ധ്യയനസമയം ക്രമീകരിക്കുവാൻ അവസരം നിലനിന്നിരുന്നു. എന്നാൽ കോവിഡ്മൂലം പൊതുഗതാഗതം ഭാഗികമായി മാത്രം നിലവിലുള്ള സംസ്ഥാനത്ത് അധ്യാപനസമയം 8.30 ന് തുടങ്ങി 1.30 വരെ ആക്കി, ഭക്ഷണം കഴിക്കാൻപോലും ഇടവേള നൽകാതെ നടത്തുന്ന ക്രമീകരണങ്ങൾ അധ്യാപകർക്കോ, അനധ്യാപകർക്കോ, വിദ്യാർത്ഥികൾക്കോ, മാതാപിതാക്കൾക്കോ ഒട്ടും അംഗീകരിക്കാവുന്ന ഒന്നല്ല.

1.30 മുതൽ 3.30 വരെ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളെല്ലാംതന്നെ സമയപരിധി നോക്കാതെ ഇപ്പോഴും കോളേജുകളിൽ നടക്കുന്നുണ്ട്. പേമാരി, വെള്ളപ്പൊക്കം, പ്രകൃതിദുരന്തങ്ങൾ എന്നിവ ഓരോന്നായി നിരന്തരം ബാധിക്കുന്ന മലയോര, തീരദേശമേഖലയിലുള്ള വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സ്ഥിതി അങ്ങേയറ്റം ദുരിതപൂർണ്ണമാക്കാനേ ഈ ഉത്തരവ് ഉതകൂ.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഗാർഹിക, സാമൂഹിക, സാമ്പത്തികസാഹചര്യങ്ങൾ കണക്കിലെടുത്ത്, വിശദമായ ഒരു പഠനവും നടത്താതെ, അധ്യയനവർഷം തുടങ്ങി 9-ാം ദിവസം ഒരു മുന്നൊരുക്കത്തിനും അവസരം നൽകാതെ പൊടുന്നനെ ഇറക്കിയ ഈ ഉത്തരവ് അടിയന്തിരമായി പിൻവലിച്ചില്ലെങ്കിൽ ഒട്ടേറെ പാവപ്പെട്ട കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന അവസ്ഥ ഉണ്ടാകും.

അധ്യാപനവും, അധ്യയനവും തികച്ചും യാന്ത്രികമായ ഒരു ജോലിയല്ലെന്ന് തിരിച്ചറിഞ്ഞ് അതിന്റെ രീതിശാസ്ത്രം, സർഗ്ഗാത്മകത, പ്രായോഗികത എന്നിവ കണക്കിലെടുത്ത് കോവിഡുകാലത്തും, കോവിഡാനന്തര കാലത്തും കോളേജുപ്രവർത്തനസമയത്തെ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വ്യക്തവും കൃത്യവുമായ ഉത്തരവ് ബന്ധപ്പെട്ടവർ പുറപ്പെടുവിക്കേണ്ടതാണ്.

ഇല്ലെങ്കിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളം വളരെയധികം പിന്നോട്ട് പോകുമെന്നതിൽ സംശയമില്ല.